**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1146** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി നഗരത്തിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനായി പ്രഖ്യാപിച്ച 75 കോടി രൂപയുടെ മഞ്ചേരി സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** മഞ്ചേരി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നിർദ്ദേശിച്ച 75 കോടി രൂപയുടെ മഞ്ചേരി സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ പൊതുമരാമത്ത് റോഡുകളും നഗരസഭയുടെ അധീനതയിലുള്ള റോഡുകളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു.

**(ബി)** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി മഞ്ചേരി നഗരസഭയുമായി സംയുക്തപരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. റോഡിന്റെ Right of way 8 മീറ്ററിൽ കുറവുള്ള സ്ഥലങ്ങളിൽ ആവശ്യമായ ഭൂമി ഏറ്റെടുത്തതിനു ശേഷമേ എസ്റ്റിമേറ്റ് അന്തിമമാക്കാൻ സാധിക്കുകയുള്ളൂ.

**(സി)** ഗതാഗതക്കുരുക്ക് രൂക്ഷമായി അനുഭവപ്പെടുന്ന തുറക്കൽ ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് വിദഗ്ധ സംഘത്തിന്റെ പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മഞ്ചേരി ടൗണിൽ തുറക്കൽ ജംഗ്ഷനിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**(ഡി)** മഞ്ചേരിയിലെ റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി റവന്യൂ വകുപ്പുമായി ചേർന്ന് സ്പെഷ്യൽ റവന്യൂ ടീം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** മഞ്ചേരിയിലെ റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി റവന്യൂ വകുപ്പുമായി ചേർന്ന് സ്പെഷ്യൽ റവന്യൂ ടീമിന്റെ രൂപീകരണം

പൂർത്തിയായിട്ടില്ല.

**(ഇ)** ഇതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡിലെ മഞ്ചേരി സെൻട്രൽ ജംഗ്ഷനിൽ നിലവിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**